ALL SAINTS COLLEGE LIBRARY
No. .....
TRIVANDRUM

(Pages : 4)

R – 2146

Reg. No. : .....

Name : .....

Fourth Semester B.A./B.Sc. Degree Examination, July 2023

First Degree Programme under CBCSS

Language Course – Additional Language - Malayalam

ML 1411.1 : ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

(2018-2020 Admission)

Time : 3 Hours

Max. Marks : 80

I. . ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കഥാബീജത്തെ എം.ടി. വാസുദേവൻ നായർ നിർവ്വചിച്ചിരിക്കുന്നതെങ്ങനെ ?

2. കമ്പ്യൂട്ടറിൽ മലയാളഭാഷ ഉപയോഗിച്ചു തുടങ്ങുന്നത് ഏത് മേഖലയിലാണ് ?

3. ISCII (ഇസ്കി) യുടെ പൂർണ്ണരൂപം എന്ത് ?

4. 1995-ൽ ജ്ഞാനപീഠപുരസ്കാരം നേടിയ സാഹിത്യകാരൻ ആര് ?

5. സമരത്തിൽ നേതാവ് പങ്കെടുത്തു - വാക്യശുദ്ധി വരുത്തുക.

6. സഹജ, ഉൽപാദ്യ എന്നിങ്ങനെ പ്രതിഭയെ വിഭജിച്ച കാവ്യമീമാംസകൻ ആര് ?

7. ശരിയായ പദം ഏത് ?

അങ്ങനെ - അങ്ങിനെ

P.T.O.

8. തെറ്റ് തിരുത്തുക

അവൾ എല്ലാ തിങ്കളാഴ്ചതോറും വ്രതമനുഷ്ഠിക്കാറുണ്ട്

9. ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച ആദ്യ മലയാള നോവൽ.

10. യന്ത്രവിവർത്തനം എന്നാലെന്ത് ?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ബ്ലോഗ് എന്നാലെന്ത്?

12. കഥയേക്കാൾ നോവൽ എളുപ്പമാണെന്ന് എം.ടി. വാസുദേവൻ നായർ പറയുന്നതെന്തുകൊണ്ട്?

13. സർഗ്ഗാത്മകതയുടെ ഉറവിടമായി കാവ്യമീമാംസകർ കണ്ടെത്തുന്നത് എന്തിനെ?

14. ട്വിറ്ററിനെക്കുറിച്ച് കുറിപ്പെഴുതുക.

15. മൂന്നിലൊന്നായി സംഗ്രഹിക്കുക.

മലയാളത്തിലെ ആദ്യത്തെ നാടകീയ വിലാപകാവ്യം എന്നാണ് രമണൻ അറിയപ്പെടുന്നത്. കുടിലുതൊട്ട് കൊട്ടാരം വരെ സാക്ഷരനിലും നിരക്ഷരനിലും രമണന്റെ സ്വാധീനമുണ്ടായിരുന്നു. രമണൻ എന്ന നിർധരയുവാവിന്റെയും ചന്ദ്രിക എന്ന ധനികയുവതിയുടെയും പ്രണയമാണ് ഇതിവൃത്തം. സാർവ്വജനീനമായ ആസ്വാദനത്തിനു വിഷയമായ ഈ മലയാളകാവ്യം ചങ്ങമ്പുഴ കൃഷ്ണപിള്ളയ്ക്ക് പ്രശക്തി നേടിക്കൊടുത്തു.

16. ആശയം വ്യക്തമാക്കുക

"അഴിമതി, യക്രമ മത്യന്ത രൂക്ഷമാ-
മപരാധം, നിശിതമാമശനിപാതം?
കളവെന്നറിയാത്ത പാവങ്ങൾ
പൈതങ്ങൾ
കനിവറ്റ ലോകം കപടലോകം"

17. ഏതെങ്കിലും രണ്ട് ഓൺലൈൻ മാസികകളെ പരിചയപ്പെടുത്തുക.

18. ഓർക്കുട്ട് (Orkut) - കുറിപ്പെഴുതുക.

19. വിക്കി ഗ്രന്ഥശാല എന്തെന്ന് വ്യക്തമാക്കുക.

20. കാവ്യമീമാംസാകാരനായ രാജശേഖരൻ പ്രതിഭയെ തരംതിരിക്കുന്നതെങ്ങനെ?

21. വാട്സ്ആപ്പ് - കുറിപ്പെഴുതുക.

22. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"Why should the world be over-wise,

In counting all our tears and sighs?

Nay, let them only see us, while

We wear the mask"

(8 × 2 = 16 Marks)

III. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

23. സർഗ്ഗാത്മകതയെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

24. അച്ചടിയുടെ ചരിത്രം സംഗ്രഹിക്കുക.

25. ഒരു കാലഘട്ടത്തിന്റെ അറിവും ആസ്വാദനവും ആയിരുന്നു റേഡിയോ. വിശദമാക്കുക.

26. സമൂഹമാധ്യമത്തിന്റെ മുഖ്യഉദാഹരണമാണ് സിനിമ - വിലയിരുത്തുക.

27. ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ ആധാരശില എൻകോഡിംഗ് വ്യവസ്ഥയാണ് എന്നു പറയുന്നതിന്റെ കാരണം വിശദീകരിക്കുക.

28. വിവർത്തനത്തിലെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് വിശദീകരിക്കുക.

29. സൈബർ ലോകം തുറന്നുതരുന്ന എഴുത്തിന്റേയും വായനയുടേയും സാധ്യതകൾ എന്തൊക്കെ?

30. മലയാളം കമ്പ്യൂട്ടിങ്ങിന്റെ വികസനത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ എന്തെല്ലാം?

31. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

For the first time in a decade, over half a million black voters in Chicago went to the polls, providing that they had the collective power to shape political outcomes. This sent a clear message to lawmakers and future politicians and reestablished a feeling that seemed to have been lost when Harold Washington died. The African American vote mattered. It would be costly politically for any one to ignore or discount black people's need's and concerns.

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'ലിംഗനീതി സമൂഹത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

33. യൂണിക്കോഡ് മലയാളം ഫോണ്ടുകളുടെ രൂപസംവിധാനം ഏതൊക്കെ മേഖലകളിലാണ് കൂടുതൽ സഹായകമായി നിൽക്കുന്നത്? വിശദമാക്കുക.

34. 'മലയാളത്തിൽ സംവദിക്കാനായാൽ മാത്രമേ സമൂഹത്തിന്റെ എല്ലാ തട്ടിലുള്ളവർക്കും ഇന്റർനെറ്റിന്റെ നേട്ടം ലഭ്യമാവുകയുള്ളൂ' - ടി.എ. ആദർശിന്റെ ഈ അഭിപ്രായം വിശകലനവിധേയമാക്കുക.

35. ഗദ്യം, പദ്യം, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിവയെല്ലാം വിവർത്തനത്തിന്റെ വ്യത്യസ്ത രീതികൾ കാണാം. വിശദമാക്കുക.

(2 × 15 = 30 Marks)